# ചിറകുകൾക്കുകീഴെ

വിശദീകരണങ്ങളില്ല. ന്യായീകരണങ്ങളുമില്ല.

ദയവുചെയ്തു പോകൂ,ചായമേശപ്പുത്തുണ്ട്.തണുത്തിരിക്കില്ല.

ഭർത്താവിന്റെ ദേഷ്യം വന്നു ചുകന്ന കവിളുകളിൽ നിന്നും സംതൃപ്തിയോടെ കണ്ണുകൾ ഊരി അവൾ താഴത്തെതണുത്തമണ്ണിൽനോക്കി.

മണ്ണിരകൾ വിപഥസഞ്ചാരം നടത്തുന്ന ആ മണ്ണിന്റെ പുതുമണം മുതൽ മുറ്റത്തെ തോട്ടത്തിലെ ടേബിൾ റോസിന്റെ നിറംവരെ ആകാശത്തിനു കീഴെയുള്ള സകലതും ആ നിമിഷം അവൾ വെറുത്തു. മേശപ്പുറത്ത് ഗ്ലാസ്സുകൾ തട്ടിമറിയുന്നു. ഡ്രസ്സിങ്ങ് റൂമിലെ വാർഡ് റോബിനു മുന്നിൽ അന്തംവിട്ടുനിൽക്കുന്ന മകളുടെ അവസാനിക്കാത്തവിളി.ജാനകികരിപ്പാത്രവുമായിവന്നുവീണ്ടുംവീണ്ടുംഎത്തിനോക്കി.

അവൾ അനക്കമില്ലാതെ, വെറുതെ നിന്നു, താഴെ നിരത്തിന്റെ ഓരത്തു പുകയൂതി ഇളം വെയിലിൽ മലർന്നു കിടക്കുന്ന വൃദ്ധനോട മാത്രം അസൂയ തോന്നി. എന്നെങ്കിലും ഒരു രാത്രിയിൽ ബാൽക്കണിയുടെ പുത്തുള്ള പൈപ്പിലൂടെ പിടിച്ചിറങ്ങി ആ ചൂരൽ കട്ടിലിൽ അതുപോലെ മലർന്നു കിടക്കണമെന്നു വിചാരിക്കുമ്പോഴാണ് ബട്ടൺ വിട്ടുപോയ ഷർട്ട് ചുരുട്ടിയെറിഞ്ഞതു മുഖത്തു കൊണ്ടത്. വരാന്തയുടെ ചുമരിലൂടെ ഉരസിഅവസാനംഅതുചുകന്നമണ്ണിൽമലർത്തിയിട്ടതവളപോലെ കിടന്നു.സാവധാനംഅവൾ തിരിഞ്ഞു നോക്കി. ഭർത്താവ് ഓഫീസിൽ പോകാൻ തയ്യാറായിരിക്കുന്നു. ഷൂവിൽ പൊടി. ബ്രീഫ്കേസിൽ പൊടി.കണ്ണുകളിൽ പൊടി.

യാത്രാനുമതിയുടെ ചിരിയില്ലാതെ, അപരിചിതനെക്കണ്ടപോലെ തുറിച്ചു നോക്കി നിന്നു. എന്നിട്ട് ബ്രീഫ് കേസിലേയും ചെരുപ്പിലേയും പൊടിതുടക്കില്ലെന്ന്ഒപ്പംനിശ്ചയിച്ചു.

ദേഷ്യംകൊണ്ട് വിറയ്ക്കുന്ന ചുണ്ടുകൾ നിയന്ത്രിക്കാൻ പാടുപെട്ട്, കയ്യിലെ ചുകന്ന റിബ്ബണിട്ടു കെട്ടിയ പെട്ടി മേശപ്പുറത്തെറിഞ്ഞുഅയാൾ:നിനക്ക്,നശിച്ചനിനക്ക്.

നേർത്തചിരിയോടെ അവളോർത്തു;സ്വന്തംപിറന്നാളിന്റെകാര്യംമറന്നിരിക്കുന്നു.

ബാത്ത്ടവ്വലും കൈയിൽപിടിച്ചു നിന്ന്അച്ഛന്റെപിന്നിൽമകൾകിതച്ചു.

എന്റെ ഫ്രോക്കെടുത്തുതരാൻഅമ്മയ്ക്കുസൗകര്യമുണ്ടോ ?

മകൾക്ക് 'ആക്സന്റ്' കിട്ടി വരുന്നു എന്നോർത്ത് അവൾ ഇംഗ്ലീഷിൽത്തന്നെ മറുപടി പറഞ്ഞു: ഇല്ല ഇനി ?

മൂക്കിന്റെ തുമ്പിൽപോലും ദേഷ്യം. മടമ്പടിച്ചു പിന്നിലേയ്ക്ക് നടന്ന മകളുടെ പിന്നിൽ കഴുത്തുവരെ വെച്ചു വെട്ടിയ മുടി തുള്ളി. നോക്കിന്നു. താൻ വയറ്റിൽ കൊണ്ടുനടന്നത്. താൻ താലോലിച്ചത് ഈ അപരിചിതയെആവില്ല.

മുകളിലേയ്ക്കു തല ഉയർത്തി തോട്ടക്കാരൻ തുറിച്ച നോക്കി നിൽക്കുന്നയജമാനത്തിയെകണ്ടത്ഭുതപ്പെട്ടു. അൽപ്പനേരം കൽപ്പനകൾക്കായി കാത്തുനിന്നു. അവൾ ഓർക്കുകയായിരുന്നു. എന്തിനാണ് ലോകത്തിലിത്ര നിറം ? അയഥാർത്ഥമായആർഭാടതകൾഒരുനിറമേ വേണ്ടു.യഥാർത്ഥമായകറുപ്പുനിറം.

പ്രഭാതത്തിന്റെ ഇളം ചൂടിൽ, അകലെയുള്ള അസ്വസ്ഥതകളെ എന്നപോലെ അവൾ എല്ലാറ്റിനേയും മറക്കാൻ ശ്രമിച്ചു. പക്ഷേ എന്തു വിഡ്ഢിത്തം. അവളോർത്തു. വയ്യ. കൂട്ടിലേയ്ക്ക്, കമ്പികളുടെ പിന്നിലേയ്ക്കു മടങ്ങിപ്പോകാതെ നിനക്കു വയ്യ. ജനിക്കുമ്പോൾ കിട്ടിയ ചങ്ങലകളിൽ നിന്നൂരിയോടി നിനക്കീവെയിലിൽ മലർന്നു കിടക്കാനാവില്ല. വർഷത്തിനേയും ശരത്തിനേയും അപ്പുറത്തപ്പുറത്തെ സ്വർഗ്ഗത്തിനേയും സ്വപ്നം കാണാനാവില്ല. ശാപത്തിന്റെ ഭാരത്തിനു കീഴിൽ എന്നും നീവിയർക്കും. അന്വേഷിക്കാനില്ലാത്ത ശൂന്യതയുടെ വിരസതയിൽ ഈ മണ്ണിൽ തല ചായ്പ് കരയുമ്പോൾ ആർക്കും നിന്നെ ആശ്വസിപ്പിക്കാനാവില്ല അപ്പോൾ നീപൊള്ളത്തരങ്ങളുടെ നൂലിൽ കയറീനടക്കും. മക്കളുടെ ചിരിയിലും ഇണയുടെ തണലിലും കാലുറപ്പിക്കാൻ നോക്കും. അനിവാര്യതയുടെ കത്തിയൊഴുക്കിൽ പക്ഷേ അവ അകലുമ്പോൾ നീവീണ്ടും കാൽച്ചുവട്ടിൽ സ്വപ്നങ്ങൾപരതും---

അവസാനിക്കാത്തഅപസ്വരംപോലെ മുഖങ്ങൾവാതിലിൽതുടരെവന്നു.

വരൂ,ഭക്ഷണം തയ്യാറായിഅമ്മേ.

തിരിഞ്ഞുനോക്കിയപ്പോൾ,താൻആറായിരംതവണഉമ്മവെച്ചനുണക്കുഴികൾഒന്നുകൂടിവിടർന്നു.

അതിന്റെആഴത്തിലേക്ക്അവൾസുസൂക്ഷ്മംനോക്കിനിന്നു.

നോട്ട് ഫീലിംങ്ങ്വെൽ, മമ്മീ?

കടപുഴങ്ങിവീഴുന്നമരത്തെപോലെ ഒന്നാടി.ഇല്ല.വേരറില്ല.

നീപോയി ഭക്ഷണംകഴിക്കൂ.

അമ്മ ?

നീപോയികഴിച്ചോളൂ.അമ്മഇത്തിരികഴിഞ്ഞുവരാം.

അമ്മ കൂടെയില്ലാതെ ഭക്ഷണം കഴിക്കാറില്ലാത്ത കുഞ്ഞുമുഖം മങ്ങലേറ്റത് കണ്ടില്ലെന്നു നടിച്ചു. വെയിലിന്റെ കണ്ണുകളിൽ കാമം നിറയുന്നതും തന്റെ ശരീരത്തിന്റെ ഓരോ അണുവും തുടിക്കുന്നതും അവളറിഞ്ഞു. അത് അപ്രതിരോദ്ധ്യമായിരുന്നു. ഉറ പൊട്ടിയ കണ്ണീരിനും മുന്നിൽ വെയിൽ തൊടാനാകാത്ത അകലത്തിലാണെന്ന്അവൾപെട്ടെന്നാണറിഞ്ഞത്, വെയിൽഅഴികൾക്കപ്പുറത്താണ്.

കണ്ണുകളുടെ വാൽത്തുമ്പിലെ വെള്ളം വടിച്ചു കളഞ്ഞു ബാൽക്കണിയിലെ തണുത്ത നിലത്ത് കിടന്നു അവൾ. വീണ്ടും നിറഞ്ഞ കണ്ണുകൾ തുടയ്ക്കാതെ കണ്ണുകൾ വിടർത്തി കിടക്കുമ്പോൾ ഓർത്തു: ഇതാർക്കു വേണ്ടിയാണ്. മേശപ്പുറത്ത് ഭർത്താവെറിഞ്ഞുപോയ പെട്ടിക്കുള്ളിലെ, യുഗങ്ങളായി ആശിച്ചിരുന്ന ചുവന്ന കുക്കയും, അമ്മ കൂടെയില്ലാത്തതിനാൽ കഴിക്കാതെ മകൻ മാറ്റി വെച്ച ആറിത്തണുത്ത ഭക്ഷണവും ഇത്തിരി ശേഷിച്ചിരുന്നസ്വാസ്ഥ്യത്തിന്റെ വെളുപ്പിൽ പൊടുന്നനെ തുളകൾവീഴ്ത്തി.

വിലയറിയാതെ വലിച്ചെറിയുന്ന മുത്തുകളുടെ തിളക്കം. ചൂരൽക്കട്ടിൻ മുകളിലെ തുറന്ന ആകാശം. അവയ്ക്കിടയിൽ, കണ്ണിമകൾക്കിടയിലൂടെ മാദകമായിച്ചിരിക്കുന്ന വെയിലിനു കീഴിൽ അവളുടെ കണ്ണുകൾ അടഞ്ഞു. തീരമില്ലാതെ നിന്നഅവൾഅപ്പോഴും ഓർത്തു കൊണ്ടിരുന്നു. ഈകണ്ണുനീർആർക്കുവേണ്ടിയാണ് ?

---സ്വാർത്ഥിയായതനിക്കുവേണ്ടിയാകാം!